**14-ാം കേരള നിയമ സഭ**

**9-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2121** **01-02-2018 -ൽ മറുപടിയ്ക്ക്**

## ഫീസ് നിർണ്ണയസമിതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റോജി എം.ജോൺ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കഴിഞ്ഞ വർഷം ഫീസ് നിർണ്ണയസമിതി എം.ബി.ബി.എസ്. ഫീസ് നിശ്ചയിച്ച ശേഷം സർക്കാരും സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) കരാറിൽ ഏർപ്പെട്ടിരുന്നു. |
| (ബി) സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകളുമായി സർക്കാർ കരാറിൽ ഏർപ്പെട്ടത് ഭരണഘടനാ വിരുദ്ധമാണെന്ന് കേരള ഹൈക്കോടതി വിധിച്ചിരുന്നോ; | (ബി) സ്വാശ്രയ മാനേജ്മെന്റുകളുമായി കരാറിലേർപ്പെടുന്നതിനുള്ള 2017-ലെ 15-ാം നമ്പർ ആക്ടിലെ വ്യവസ്ഥ (വകുപ്പ് 17) അധികാരാതീതവും നടപ്പിലാക്കാൻ കഴിയാത്തതുമാണെന്ന് കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ഫീസ് നിർണ്ണയ സമിതി സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് താല്കാലികമായി നിർണ്ണയിച്ചശേഷം സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തുകയും ചില കോളേജുകളുമായി എഗ്രിമെന്റിൽ എത്തുവാൻ ശ്രമിച്ചതും എന്ത് അടിസ്ഥാനത്തിലായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) മുൻ വർഷങ്ങളിലേത് പോലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ മെഡിക്കൽ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് സ്വാശ്രയ മാനേജ്മെന്റുകളുമായി ചർച്ച നടത്തിയത്. |

| | | | |
|---|---|---|---|
| (ഡി) | സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ ഇപ്രകാരം കരാർ ഉണ്ടാക്കുവാൻ നടത്തിയ ശ്രമമാണോ അവർക്ക് സ്വാശ്രയ ഫീസ് നിർണ്ണയ സമിതിയുടെ തീരുമാനത്തിന് എതിരെ സുപ്രീംകോടതിയെ സമീപിക്കുവാനും അനുകൂലമായ വിധി സമ്പാദിക്കുവാനും അവസരം ഒരുക്കിയതെന്ന് വ്യക്തമാക്കാമോ; | (ഡി) | അല്ല |
| (ഇ) | നിയമസഭ പാസ്സാക്കിയ സ്വകാര്യ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള ബില്ലിലെ ചില വ്യവസ്ഥകൾ ഹൈക്കോടതി റദ്ദാക്കിയതിനെതിരെ അപ്പീൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് നിയമോപദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | ബഹു.ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ നിയമവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ